**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1425** **19-09-2025 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആലപ്പുഴ നിയോജക മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖേന ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; വിശദവിവരം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആലപ്പുഴ നിയോജക മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖേന പൂങ്കാവ് പള്ളി, റെനോവേഷൻ ഓഫ് ടൗൺ സ്ക്വയർ, ബാർജ് ഫോർ ഡിടിപിസി എന്നീ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിരുന്നു.കൂടാതെ റെനോവേഷൻ ഓഫ് പുന്നമട പാർക്കിംഗ് ഏരിയ ആൻഡ് പ്രെമിസ്സസ്, ഡെവലപ്മെന്റ് ഓഫ് ചെത്തി ബീച്ച് അറ്റ് ആലപ്പുഴ, മാരാരി ടൂറിസം, വലിയകലവൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം അമിനിറ്റി സെന്റർ, ആലപ്പുഴ ഹെറിട്ടേജ് തുടങ്ങിയ പദ്ധതികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ ഏതൊക്കെ പദ്ധതികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയത്, എത്ര തുകയാണ് ചെലവഴിക്കുന്നത്, ഏതൊക്കെ ഏജൻസികൾ മുഖേനയാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്, പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട സമയം എന്നിവ സംബന്ധിച്ച വിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ? | (ബി) | പൂങ്കാവ് പള്ളി പദ്ധതിയ്ക്ക് സ.ഉ(സാധാ).നം.690/2024/ടൂറിസം തീയതി. 30.11.2024 പ്രകാരം Rs. 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസി ജില്ലാ നിർമ്മിതി കേന്ദ്ര ആണ്. പദ്ധതി പൂർത്തീകരണ കാലാവധി 9 മാസമാണ്.<br><br>റെനോവേഷൻ ഓഫ് ടൗൺ സ്ക്വയർ ആലപ്പുഴ എന്ന പദ്ധതിയ്ക്ക് സ.ഉ(സാധാ).നം.422/2025/ടൂറിസം തീയതി. 17.07.2025 പ്രകാരം Rs. 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണ ഏജൻസി HLL Lifecare Ltd. ആണ്. പദ്ധതി പൂർത്തീകരണ കാലാവധി 12 മാസമാണ്.<br><br>ബാർജ് ഫോർ ഡിടിപിസി എന്ന പദ്ധതിയ്ക്ക് Order No.DOT/10741/2023-P1-Part(1) dtd. 19.05.2025 പ്രകാരം Rs. 97,29,000/- രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഇൻലാൻഡ് നാവിഗേഷൻ ആണ്. പദ്ധതി പൂർത്തീകരണ കാലാവധി 12 മാസമാണ്. |

സെക്ഷൻ ഓഫീസർ